എ4/482/2018/പിഎയു

ദാരിദ്ര്യ ലഘൂകരണവിഭാഗം
വട്ടിയൂർക്കാവ്,തിരുവനന്തപുരം
***Email ID : popautvm@gmail.com***
ഫോൺ : 0471 - 2360137, 2360138

തീയതി : 25.04.2018

പ്രേക്ഷിതൻ

ജില്ലാ കോർഡിനേറ്റർ

സ്വീകർത്താവ്

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ,
ലൈഫ് മിഷൻ, തിരുവനന്തപുരം

സർ,

വിഷയം : ലൈഫ് മിഷൻ- തിരുവനന്തപുരം ജില്ലാ കോർഡിനേറ്ററുടെ ഔദോഗിക ആവശ്യങ്ങൾക്കായി പ്രതിമാസ വാടക നിരക്കിൻ കാർ ലഭ്യമാക്കുന്നത് - സംബന്ധിച്ച്.

*സൂചന* : ലൈഫ് മിഷനിൽ ചീഫ് എക്സിക്യുട്ടീവ് ഓഫീസറുടെ 31.01.2018 ലെ LIFE/ADMIN/2017/LF-3/HZ *നമ്പർ കത്ത്.*

------

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ലൈഫ് മിഷന്റെ തിരുവനന്തപുരം ജില്ലാ കോർഡിനേറ്ററുടെ ഔദോഗിക ആവശ്യങ്ങൾക്കായി പ്രതിമാസ വാടക നിരക്കിൻ കാർ ലഭ്യമാക്കുന്നതിനു വേണ്ടിയുള്ള ക്വട്ടേഷൻ നോട്ടീസ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. ഈ നോട്ടീസ് ലൈഫ് മിഷന്റെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അപേക്ഷിക്കുന്നു.

വിശ്വസ്തതയോടെ,

ജില്ലാ കോർഡിനേറ്റർ

ഉള്ളടക്കം : ക്വട്ടേഷൻ നോട്ടീസ്

# ലൈഫ് മിഷൻ

## ജില്ലാ കോർഡിനേറ്ററുടെ കാര്യാലയം

## ദാരിദ്ര്യ ലഘൂകരണ വിഭാഗം,

വട്ടിയൂർക്കാവ്, തിരുവനന്തപുരം

Ph: 0471 - 2360137, 2360138 Email- lifemissiontvm@gmail.com


തീയതി: 25.04.2018

## ക്വട്ടേഷൻ നോട്ടീസ്

ലൈഫ് മിഷന്റെ തിരുവനന്തപുരം ജില്ലാ കോർഡിനേറ്ററുടെ ഔദ്യോഗിക ആവശ്യങ്ങൾക്കായി പ്രതിമാസ വാടക നിരക്കിൻ കാർ ലഭ്യമാക്കാൻ തയ്യാറുള്ള കാറുടമകളിൽ നിന്നും മത്സാരാധിഷ്ഠിത ക്വട്ടേഷനുകൾ ക്ഷണിക്കുന്നു.

### നിബന്ധനകൾ

1. കാർ, ടാക്സി രജിസ്ട്രേഷൻ ഉള്ളതായിരിക്കണം.
2. 2014 അല്ലെങ്കിൽ അതിനുശേഷമുള്ള മോഡൽ ആയിരിക്കണം
3. സ്വിഫ്റ്റ് ഡിസയർ , ടോയോട്ട എറ്റിയോസ്, മഹീന്ദ്ര വെരീറ്റോ എന്നിവയിലേതെങ്കിലുമാകണം
4. പ്രതിമാസം ഓടാവുന്ന പരമാവധി ദൂരം 2000 കി.മീ
5. എല്ലാ ദിവസവും വാഹനം ലഭ്യമാക്കേണ്ടതാണ്.
6. പ്രതിമാസം 2000 കി.മീ ഓടുന്നതിന് ആവശ്യപ്പെടുന്ന ഏറ്റവും കുറഞ്ഞ നിരക്ക് ക്വട്ടേഷനിൽ കാണിക്കണം. മൂന്നുമാസത്തെ ക്വാർട്ടറിനൽ അധികരിക്കുന്ന യാത്രക്ക് സർക്കാർ നിശ്ചയിച്ച നിരക്കിൽ വാടക അധിക മീറ്ററിന് നൽകുന്നതാണ്. ഏതെങ്കിലും ഒരു മാസം വാഹനം അധിക ദൂരം / സമയം ഉപയോഗിക്കുക യാണെങ്കിൽ അധിക സഞ്ചരിച്ച ദൂരം (കി മീ) തൊട്ടടുത്ത മാസത്തിൽ കണക്കാക്കി മൂന്ന് മാസത്തെ ക്വാർട്ടറിൽ ക്രമീകരിക്കുന്നതാണ്.
7. ഡ്രൈവറുടെ വേതനം, ഇന്ധനം മെയിന്റനൻസ് എന്നിവയെല്ലാമുൾപ്പെടെ ആയിരിക്കണം ആവശ്യപ്പെടുന്ന പ്രതിമാസ വാടക
8. ഒരു വർഷത്തേക്കാണ് വാഹനം ലഭ്യമാക്കേണ്ടത്.
9. ജില്ലാ കോ- ഓർഡിനേറ്ററുമായി കരാറിൽ ഏർപ്പെടേണ്ടതാണ്.
10. ക്വട്ടേഷനുകൾ ഒട്ടിച്ച കവറിൽ വാഹനം വാടകയ്ക്ക് ലഭ്യമാക്കുന്നതിനുള്ള ക്വട്ടേഷൻ എന്ന് മേലെഴുത്തുകൂടി **07.05.2018 ന് വൈകുന്നേരം 3.00** മണിക്ക് മുമ്പായി ജില്ലാ കോ- ഓർഡിനേറ്ററുടെ ഓഫീസിൽ സമർപ്പിക്കാവുന്നതാണ്. ലഭിച്ച ക്വട്ടേഷനുകൾ അന്നേദിവസം 4 മണിക്ക് ഹാജരുള്ള ക്വട്ടേഷൻ സമർപ്പിച്ചവരുടെ സാനിദ്ധ്യത്തിൽ തുടർന്ന് പരിശോധിക്കുന്നതാണ്. ക്വട്ടേഷൻ ഇതോടൊപ്പമുള്ള മാതൃകയിൽ തയ്യാറാക്കി സമർപ്പിക്കാവുന്നതാണ്.
11. വാഹനത്തിന്റെ ആർ.സി. ബുക്ക് പെർമിറ്റ്, ഇൻഷുറൻസ്, ടാക്സ് ടോക്കൺ, പൊല്യൂഷൻ സർട്ടിഫിക്കറ്റ് എന്നിവയുടെ പകർപ്പുകൾ, ഡ്രൈവറുടെ ലൈസൻസ് പകർപ്പ് സഹിതം ക്വട്ടേഷനൊപ്പം സമർപ്പിക്കേണ്ടതാണ്.
12. ഏതൊരു ക്വട്ടേഷനും കാരണം കാണിക്കാതെ നിരസിക്കുവാൻ ജില്ലാ കോർഡിനേറ്റർക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

**ജില്ലാ കോർഡിനേറ്റർ**
**ലൈഫ് മിഷൻ, ജില്ലാ ഓഫീസ്**
ദാരിദ്ര ലഘൂകരണ വിഭാഗം,
തിരുവനന്തപുരം